(ബി) ഇക്കാര്യത്തിലുള്ള കാലതാമസത്തിനു കാരണം വ്യക്തമാക്കാമോ ;

(സി) ഡി. പി. സി അടിയന്തിരമായി കൂടുന്നതിനും, പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് ഡെപ്യൂട്ടി ഡയറക്ടർമാരായി പ്രൊമോഷൻ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ (ഗ്രേഡ് - 1) മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് യഥാസമയം ലഭിക്കാത്തതാണ് കാലതാമസത്തിന് കാരണം.

(സി) ഡി. പി. സി. അടിയന്തിരമായി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പുതിയ തസ്തികകൾ

24 (957) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വിവിധ വകുപ്പുകളിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട് ; അവ ഏതെല്ലാമെന്ന് വകുപ്പും തസ്തികയും തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മാത്രം എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ; ഓരോ വകുപ്പിലും ഏതെല്ലാം തസ്തികകൾ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 267 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഫോറസ്റ്റർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ്

25 (958) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനംവകുപ്പിൽ തൃശൂർ സർക്കിളിന് കീഴിൽ ഫോറസ്റ്റർമാരെ നിയമിക്കുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേരെ ഇതുവരെ നിയമിച്ചിട്ടുണ്ട് ;

† അനുബന്ധം - VII

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ എത്ര ഫോറസ്റ്റർ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നത് സർക്കാർ തടഞ്ഞിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഒഴിവുള്ള ഫോറസ്റ്റർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുമോ ; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 36 പേരെ ഇതുവരെ നിയമിച്ചിട്ടുണ്ട്.

(സി) രണ്ടു ഫോറസ്റ്റർ തസ്തിക ഇപ്പോൾ ഒഴിഞ്ഞു കിടപ്പുണ്ട്.

(ഡി) ഇല്ല.

(ഇ) ഒഴിവുള്ള ഫോറസ്റ്റർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുവേണ്ടി ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ തസ്തികകൾ

26 (959) ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ എത്ര തസ്തികകളുണ്ട് ;

(ബി) ഇതിൽ സീനിയർ ഗ്രേഡ്, ഗ്രേഡ് 1, ട്രേഡ് 2, എന്നിവ എത്ര വീതം ;

(സി) ഗ്രേഡ് 2-ൽ എത്ര ശതമാനം വിവിധ വകുപ്പുകളിൽ നിന്നും നേരിട്ട് നിയമനത്തിന് നീക്കിവെച്ചിട്ടുണ്ട് ;

(ഡി) ഗ്രേഡ് 2-ൽ വിവിധ വകുപ്പുകളിൽ നിന്നും നേരിട്ട് നിയമനം നടത്തിയ എത്രപേർ ഇപ്പോഴുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവിധ വകുപ്പുകളിലായി സീനിയർ ഗ്രേഡ് ഓഫീസർമാരുടെ ഒമ്പതും ഗ്രേഡ് 1 അഡ്. ഓഫീസറുടെ 19-ഉം ഗ്രേഡ്-2 അഡ്.ഓഫീസറുടെ 28 തസ്തികകളും ഉൾപ്പെടെ മൊത്തം 56 അഡ്. ഓഫീസർ തസ്തികകളുണ്ട്.

(സി) അമ്പത് ശതമാനം.

(ഡി) 13 പേർ ഇപ്പോഴുണ്ട്. കൂടാതെ നേരിട്ടുള്ള നിയമനത്തിന് ഒരു വേക്കൻസി കൂടി പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly